൧

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- -6-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ- ശ്രീ. പി.രാധാകൃഷ്ണൻ., ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്- അന്യത്ര സേവനം കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1758/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/09/2021

പരാമർശം:-

1. 09.08.2020 തീയതിയിലെ 1481/2020/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്.
2. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സെക്രട്ടറിയുടെ 30.06.2021 തീയതിയിലെ എസ്.എസ്6- .എഫ്.സി ബി1/25/2020 -ാം നമ്പർ കത്ത്.
3. നഗരകാര്യ ഡയറക്ടറുടെ 16.08.2021 തീയതിയിലെ ഇ2-15011/2021-ാം നമ്പർ കത്ത്.

## ഉത്തരവ്

നഗരകാര്യ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ.പി.രാധാകൃഷ്ണനെ 6-ാം സംസ്ഥാന ധനകാര്യ കമ്മീഷനിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത അന്യത്ര സേവന കാലാവധി 10.08.2021 ന് അവസാനിക്കുന്നതിനാൽ 11.08.2021 മുതൽ ഒരു വർഷത്തേക്ക് കൂടി നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (2) കത്ത് പ്രകാരം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ.പി.രാധാകൃഷ്ണന്റെ 6-ാം സംസ്ഥാന ധനകാര്യ കമ്മീഷനിലെ ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള അന്യത്ര സേവന കാലാവധി നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 11.08.2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,6-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ
ശ്രീ.പി.രാധാകൃഷ്ണൻ( നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ & ഇ) ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ